31\3\22 01/04/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 57(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 1192/SIC-G4/2022)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 31**

ഡോ. റയീസ് എ.കെ.,
അറക്കൽ കാട്ടിൽ,
എം.ജി. റോഡ്, മാറഞ്ചേരി പി.ഒ.,
മലപ്പുറം– 679 581. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
താലൂക്ക് ആസ്ഥാന ആശുപത്രി,
പൊന്നാനി.

2) അപ്പീൽ അധികാരി & സൂപ്രണ്ട്,
താലൂക്ക് ആസ്ഥാന ആശുപത്രി,
പൊന്നാനി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 17/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 30/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ഡോ. റയീസ് എ.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും തെറ്റായ മറുപടികളാണ് ലഭിച്ചതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയലെ 1, 2 ചോദ്യങ്ങൾക്ക് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. 1.2.2020 നോ അതിനുശേഷമോ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന മെഡിക്കൽ ഓഫീസർ "മുഹ്സിന D/o അലവി എന്ന സ്ത്രീയെ അഡ്മിറ്റ് ചെയ്ത് ചികിത്സിച്ചിരുന്നു" എന്ന് പെരുമ്പടപ്പ് പോലീസിന് മൊഴി കൊടുത്തിട്ടുണ്ടോ എന്നും

ii. മൊഴി കൊടുത്തിട്ടുണ്ടെങ്കിൽ കൊടുത്ത തീയതി നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 30.11.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ, 1.2.2020-നുള്ള ആക്സിഡന്റ് കം വൂണ്ട് രജിസ്റ്ററിൽ മുഹ്സിന കെ.വി എന്നുള്ള വിവരം രജിസ്റ്ററിൽ കാണുന്നു എന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട് 13.3.2021-ന് പ്രസ്തുത ആക്സിഡന്റ് കം വൂണ്ട് സർട്ടിഫിക്കറ്റ് പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയതായി കാണുന്നു എന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 08.12.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ടി സ്ഥാപനത്തിൽ നിന്നും ആക്സിഡന്റ് കം വൂണ്ട് സർട്ടിഫിക്കറ്റ് പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിലേക്ക് 13.3.2021-ന് കൊണ്ടുപോയതായി കാണുന്നു എന്നും പ്രസ്തുത രജിസ്റ്ററിൽ ചികിൽസിച്ച ഡോക്ടർ മൊഴി കൊടുത്തതായിട്ടുള്ള രേഖകൾ ഒന്നും കാണുന്നില്ല എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഡോ. റയീസ് എ.കെ. 5.11.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 1.2.2020-നോ അതിനുശേഷമോ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന മെഡിക്കൽ ഓഫീസർ "മുഹ്സിന D/o അലവി എന്ന സ്ത്രീയെ അഡ്മിറ്റ് ചെയ്ത് ചികിത്സിച്ചിരുന്നു" എന്ന് പെരുമ്പടപ്പ് പോലീസിന് മൊഴി കൊടുത്തിട്ടുണ്ടോ എന്നും മൊഴി കൊടുത്തിട്ടുണ്ടെങ്കിൽ കൊടുത്ത തീയതി എന്നാണെന്നുമായിരുന്നു. ടി ഡ്യൂട്ടി മെഡിക്കൽ ഓഫീസർ 3.11.2019 മുതൽ 17.8.2020 വരെ ടി സ്ഥാപനത്തിൽ എൻ.എച്ച്.എം. കോൺട്രാക്ടിൽ താത്ക്കാലികമായി ജോലി ചെയ്തിരുന്നു എന്നും ഇപ്പോൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യാത്തതിനാലാണ് ഡോക്ടറിൽ നിന്നും മറുപടി സമയബന്ധിതമായി ലഭ്യമാക്കുവാൻ കഴിയാത്തതെന്നും ടി സ്ഥാപനത്തിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് 1.2.2020-ലെ ആക്സിഡന്റ് കം വൂണ്ട് രജിസറ്ററിൽ മുഹ്സിന

കെ.വി.യുടെ വിവരവും പ്രസ്തുത ആക്സിഡന്റ് കം വൂണ്ട് സർട്ടിഫിക്കറ്റ് 13.3.2020–ന് പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയതായും കാണുന്നു എന്ന മറുപടി സമയബന്ധിതമായി നൽകിയതെന്നും മൊഴി സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ടി സ്ഥാപനത്തിൽ ലഭ്യമല്ലാത്തതിനാലാണ് ടിയാന് വിവരം നൽകാൻ കഴിയാത്തതെന്നും ഡ്യൂട്ടി ഡോക്ടറിൽ നിന്നും മറുപടി ലഭ്യമാക്കുവാൻ കത്ത് നൽകിയിട്ടുണ്ടെന്നും ടി ഡോക്ടർ ഇപ്പോൾ വിദേശത്താണ് ജോലി ചെയ്യുന്നത് എന്നും മറുപടി ലഭ്യമായാലുടൻ തന്നെ കമ്മീഷനെ വിവരം അറിയിക്കുന്നതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകാൻ സാധ്യതയുള്ളത് പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിലാണെന്ന് കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയുടെ പകർപ്പ് 10.4.2022–നകം പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം കൈമാറി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ ലഭിച്ചാൽ, അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം മറ്റേതെങ്കിലും പൊതു അധികാരിയുടെ കൈവശം ലഭ്യമാകുമെന്ന് അറിയാമെങ്കിൽ പ്രസ്തുത അപേക്ഷയുടെ പകർപ്പ് അപേക്ഷ ലഭിച്ച് പരമാവധി 5 ദിവസത്തിനകം ടി പൊതു അധികാരിക്ക് കൈമാറി നടപടി വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാകാൻ സാധ്യതയുണ്ടെന്ന് അറിയാമായിരുന്നിട്ടും വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം അപേക്ഷയുടെ പകർപ്പ് ടി പൊതു അധികാരിക്ക് കൈമാറാതിരുന്നത് വിവരാവകാശ നിയമം 6(3) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ന്യായീകരിക്കത്തക്ക യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ

എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതിന്റെയും ചുമതല അപ്പീൽ അധികാരിയിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ അപ്പീൽ അധികാരി 3.1.2022-ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം അപ്പീൽ കാലാവധി എന്നിവ രേഖപ്പെടുത്താതെയും, ഹർജിക്കാരന് നീതി ലഭിക്കുന്നതിനായുള്ള നടപടി സ്വീകരിക്കാതെയുമാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകരുതെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിവരാവകാശ അപേക്ഷകൾ വളരെ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 31-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി